# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>മദ്യനയം</u>

1715 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യനയം രൂപീകരിച്ചിട്ടുണ്ടോ;

(ബി) മദ്യനയ രൂപീകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

2011 ലെ മദ്യനയം

1716 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ലെ മദ്യനയത്തിൽ പുതിയ വിദേശമദ്യശാലകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കൈക്കൊണ്ടിട്ടുള്ള നിലപാടുകൾ വിശദീകരിക്കുമോ;

(ബി) അമിത മദ്യാസക്തിയും മദ്യവ്യാപനവും തടയാൻ ലക്ഷ്യമിട്ടുകൊണ്ട് 2011 ലെ മദ്യനയത്തിൽ ഉൾപ്പെടുത്തിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ എന്തെല്ലാം കർമ്മപരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുകയുണ്ടായി;

(ഡി) ഇതിന്റെ പ്രചരണത്തിനും ബോധനപരിപാടികൾക്കുമായി ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതം ചെലവഴിച്ചു ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>അബ്കാരി നയം</u>

1717 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. സാജു പോൾ
ഡോ. കെ. ടി. ജലീൽ
ശ്രീ. ജെയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'മദ്യവർജ്ജനം' ഈ സർക്കാരിന്റെ നയമാണോ; ഇക്കാര്യത്തിലുള്ള നയം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ ഏറ്റവും ഒടുവിൽ പ്രഖ്യാപിച്ച അബ്കാരി നയം എന്തായിരുന്നു; അത് എപ്പോഴായിരുന്നുവെന്നും പ്രസ്തുത നയം നിലവിലുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) എല്ലാവർഷവും പ്രഖ്യാപിക്കാറുണ്ടായിരുന്ന അബ്കാരി നയം കഴിഞ്ഞ രണ്ട് വർഷമായി പ്രഖ്യാപിക്കാതിരുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ; ഇത് അഴിമതി ലക്ഷ്യമിട്ടുകൊണ്ടാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇപ്പോൾ അബ്കാരി രംഗത്ത് സ്വീകരിച്ചുവരുന്ന നടപടികൾ ഏത് നയത്തിന്റെ പിൻബലത്തിലാണെന്ന് വിശദമാക്കുമോ; ഈ സർക്കാർ പുതുതായി അനുവദിച്ച ബാറുകളും ബിയർ പാർലറുകളും എത്രയാണ്; സർക്കാരിന്റെ പരിഗണനയിലിരിക്കുന്ന അപേക്ഷകൾ എത്ര; ബിവറേജസ് കോർപ്പറേഷന്റെ പുതിയ ചില്ലറ വില്പനശാലകൾ ആരംഭിക്കേണ്ടതില്ലെന്ന തീരുമാനത്തിനുശേഷം പുതിയ ബാർ-ബിയർ പാർലർ ലൈസൻസുകൾ നൽകുകയുണ്ടായോ ?

# കേരള നിയമസഭ
# 16.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ മദ്യഉപയോഗത്തിലെ ഏറ്റക്കുറച്ചിലുകൾ</u>

1718 ശ്രീ. ഇ.പി. ജയരാജൻ
,, ബി.ഡി.ദേവസ്സി
,, എസ്. രാജേന്ദ്രൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മദ്യഉപയോഗത്തിന്റെ ഏറ്റക്കുറച്ചിലുകൾ സംബന്ധിച്ച് അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള കഴിഞ്ഞ മൂന്നു വർഷത്തെ വിപണനവും ഉപയോഗവും സംബന്ധിച്ച് വിശദമാക്കാമോ;

(സി) 2011 മെയ് 31 നെ അപേക്ഷിച്ച് 2014 മെയ് 31 വരെ മദ്യവില്പനയുടെ വർദ്ധന എത്ര ശതമാനമായിട്ടാണ് കണക്കാക്കപ്പെടുന്നത്;

(ഡി) 418 ബാറുകൾ അടച്ചിട്ടതിനു ശേഷം ഇതേവരെയുള്ള മദ്യത്തിന്റെ വില്പനയിൽ കുറവുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ബാറുകൾ വഴി നികുതിവെട്ടിച്ചുള്ള സെക്കന്റ്സ് വില്പനയുണ്ടായിരുന്നതായി കരുതുന്നുണ്ടോ; ഇല്ലെങ്കിൽ വർദ്ധനവിന് കാരണമായിട്ടുള്ളത് എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>മദ്യത്തിന്റെ ഉപയോഗം കുറയ്ക്കാൻ നടപടി</u>

1719 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവാരമില്ലാത്ത ബാറുകൾ അടച്ചതുകൊണ്ട് മദ്യത്തിന്റെ ഉപയോഗത്തിൽ കുറവ് വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിനായി വകുപ്പ് തലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>മദ്യത്തിന്റെ ഉപയോഗം</u>

1720 ശ്രീ. പാലോട് രവി
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെ ഉപയോഗം കുറഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത നേട്ടം കൈവരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>മദ്യനിരോധനം സംബന്ധിച്ച നയം</u>

1721 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യനിരോധനം സംബന്ധിച്ച നയം വ്യക്തമാക്കാമോ;

(ബി) മദ്യവ്യാപനം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം</u>

1722 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. മുരളീധരൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>ലഹരി വിമുക്ത കേരളം ഐശ്വര്യ കേരളം പദ്ധതി</u>

1723 ശ്രീ. കെ. മുരളീധരൻ
'' എം. പി. വിൻസെന്റ്
'' അൻവർ സാദത്ത്
'' ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 ൽ ഉൾപ്പെടുത്തി ലഹരി വിമുക്ത കേരളം ഐശ്വര്യ കേരളം പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ലഹരി വിമുക്ത കേരളം പദ്ധതി</u>

1724 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിനോടനുബന്ധിച്ച് ലഹരി വിമുക്ത കേരളം പദ്ധതി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത് സംബന്ധിച്ച പദ്ധതി രൂപരേഖകൾ വകുപ്പിനു ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് എന്ന് ആരംഭിക്കും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>മദ്യ ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടി</u>

1725 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യ ഉപയോഗം കുറയ്ക്കുകയെന്നത് സർക്കാരിന്റെ നയമാണോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ബിവറേജസ് കോർപ്പറേഷൻ മദ്യ ഉപയോഗം കുറയ്ക്കുവാൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

സൽക്കാര ചടങ്ങുകളിലെ മദ്യം വിളമ്പ് ഒഴിവാക്കാൻ നടപടി

1726 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിവാഹസൽക്കാര വേളകൾ, ഗൃഹപ്രവേശം തുടങ്ങിയ ചടങ്ങുകളിൽ മദ്യത്തിന് സ്വീകാര്യത ലഭിക്കുന്ന സാഹചര്യത്തിൽ, ഇത്തരം ചടങ്ങുകളിൽ മദ്യം ഒഴിവാക്കുന്നതിന് ആവശ്യമായ പ്രചാരണ ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>സർക്കാർ മേൽനോട്ടത്തിൽ ചാരായം ഉല്പാദനം</u>

1727 ശ്രീ. വി. ചെന്താമരാക്ഷൻ
,, എസ്. രാജേന്ദ്രൻ
,, ബി. ഡി. ദേവസ്സി
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാരായ നിരോധനം പിൻവലിക്കാനും കേരള ബ്രാന്റ് മദ്യം നിർമ്മിക്കാനും ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിരോധനം പിൻവലിച്ച്, സർക്കാർ മേൽനോട്ടത്തിൽ ചാരായം ഉല്പാദിപ്പിക്കണമെന്ന് വിനോദ സഞ്ചാര വ്യവസായരംഗത്തെ സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സർക്കാർ നയം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് വീണ്ടും വ്യാജവാറ്റ് വ്യാപകമായിരിക്കുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 16.06.2014–ലെ മറുപടിക്ക്

<u>വീര്യം കൂടിയ അരിഷ്ടം വിൽക്കുന്നവർക്കെതിരെ നടപടി</u>

1728 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി വർദ്ധിതമായ അരിഷ്ടം വ്യാപകമായി വിപണനം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വീര്യം കൂടിയ അരിഷ്ടം വിപണനം നടത്തുന്നവരെ കണ്ടെത്തുന്നതിന് സംസ്ഥാനത്ത് ഈ വർഷം എത്ര റെയിഡുകൾ നടത്തി ; എത്ര പേർക്കെതിരെ കേസെടുത്തു ; എത്ര ലിറ്റർ അരിഷ്ടം പിടിച്ചെടുത്തുവെന്ന് ജില്ല തിരിച്ച് വിക്തമാക്കുമോ ;

(സി) വീര്യം കൂടിയ അരിഷ്ടം കച്ചവടം നടത്തുന്നവർക്കെതിരെ എന്തൊക്കെ തുടർ നടപടികളാണ് എക്സൈസ് വകുപ്പ് കൈകര്യം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

'നീര' ഉല്പാദന പദ്ധതിയിൽ കർഷകരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1729 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ 'നീര' ഉല്പാദനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിലേക്ക് കർഷകരെയും തെങ്ങുകളും തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി സർക്കാർ വകുപ്പുകളെയോ, സ്ഥാപനങ്ങളെയോ, ഏജൻസികളെയോ നിശ്ചയിച്ചിട്ടുണ്ടോ. എങ്കിൽ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) 'നീര' ഉല്പാദനത്തിനായി വിട്ടുകൊടുക്കുന്ന തെങ്ങിനുള്ള പ്രതിഫലം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഒരു തെങ്ങിന് ഒരു മാസത്തേക്ക് എത്ര രൂപയാണ് പ്രതിഫലമായി കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ബാറുകളുടെ പ്രവർത്തനം</u>

1730 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട് എന്നും ഇപ്പോൾ എത്ര എണ്ണം പ്രവർത്തിക്കുന്നു എന്നും വിശദാംശം ലഭ്യമാക്കുമോ;

(ബി) ബാറുകളുടെ സൗകര്യവും ഗുണനിലവാരവും പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) നടപ്പുസാമ്പത്തിക വർഷത്തിൽ ബാർലൈസൻസ് പുതുക്കി നൽകാത്തതിലൂടെ സർക്കാറിന് എത്ര കോടി രൂപയുടെ വരുമാനനഷ്ടം ഉണ്ടായി എന്ന് വ്യക്തമാക്കുമോ;

(ഡി) ബാറുകൾക്ക് ലൈസൻസ് പുതുക്കി നൽകാത്തതു കാരണം സംസ്ഥാനത്ത് മദ്യഉപഭോഗത്തിൽ കുറവുണ്ടായിട്ടുണ്ടോ? വ്യക്തമാക്കുമോ;

(ഇ) 2014 ജനുവരി മുതൽ മെയ് 31 വരെ വ്യാജമദ്യ ഉത്പാദനം, വിൽപ്പന എന്നിവയ്ക്ക് എത്ര കേസുകൾ എടുത്തിട്ടുണ്ട് എന്നും എത്ര പേരെ അറസ്റ്റു ചെയ്തു എന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>ബാറുകൾ നിർത്തലാക്കിയതിനു ശേഷം മദ്യവിൽപ്പനയിലെ വർദ്ധനവ്</u>

1731 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 418 ബാറുകൾ നിർത്തലാക്കിയതിനു ശേഷം കേരളത്തിൽ മദ്യവില്പന കുറയുകയാണോ, കൂടുകയാണോ ഉണ്ടായിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ബി) മദ്യവില്പനയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിൽ എത്ര രൂപയുടെ അധിക വരുമാനമാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ബിവറേജസ് കോർപ്പറേഷന്റെ മദ്യ വിൽപന</u>

1732 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 ഏപ്രിൽ 1 മുതൽ 418 ബാറുകളുടെ ലൈസൻസ് പുതുക്കാതിരിക്കുന്നത് സംസ്ഥാനത്ത് മദ്യം നിരോധിക്കണമെന്ന നയത്തിന്റെ അടിസ്ഥാനത്തിലാണോ;

(ബി) ബിവറേജസ് കോർപ്പറേഷന്റെ മദ്യ വിൽപന 2013 ഏപ്രിൽ മാസത്തിലും 2014 ഏപ്രിൽ മാസത്തിലും എത്ര തുക വീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

ബാറുകൾ അടച്ചുപൂട്ടുന്നതും തുറക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രതിസന്ധി

1733 ശ്രീ. പി. കെ. ഗുരുദാസൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കെ. ദാസൻ
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാറുകൾ അടച്ചുപൂട്ടുന്നതും തുറക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രതിസന്ധി എന്താണെന്നും ഇതിനാധാരമായ പ്രശ്നം എന്തായിരുന്നുവെന്നും വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിക്കപ്പെട്ട ഏത് നടപടിയാണ് പ്രതിസന്ധിയിലേയ്ക്ക് നയിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) മുൻവർഷം പുതുക്കി നൽകിയിട്ടുണ്ടായിരുന്ന എത്ര ബാറുകളുടെ ലൈസൻസുകളാണ് ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പു കാലഘട്ടത്തിൽ പുതുക്കി നൽകാതിരുന്നതെന്ന് വെളിപ്പെടുത്താമോ; പ്രവർത്തനം നിലച്ച ബാറുകളിലെല്ലാംകൂടി ജോലിനോക്കിവരുന്ന തൊഴിലാളികൾ എത്രയായിരുന്നുവെന്നും ഇവരെ പുനരധിവസിപ്പിക്കാൻ സ്വീകരിച്ച നടപടി എന്തായിരുന്നുവെന്നും വിശദമാക്കാമോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>മദ്യ ഉപയോഗത്തിന്റെ കുറവ്</u>

1734 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 418 ബാറുകൾ അടഞ്ഞു കിടക്കുന്നതുകൊണ്ട് മദ്യ ഉപയോഗം കുറഞ്ഞിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ബിവറേജസ് കോർപ്പറേഷന്റെ മദ്യവില്പന ശാലകളിലെ തിരക്കുകാരണമുണ്ടാകുന്ന ഗതാഗത തടസ്സം</u>

1735 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ബി.സി.യുടെ ഔട്ട്‌ലെറ്റിനു മുന്നിലെ തിരക്ക് ചില സ്ഥലങ്ങളിൽ ഗതാഗത തടസ്സം സൃഷ്ടിക്കുന്ന സാഹചര്യം നിലവിലുള്ളത് സംബന്ധിച്ച് വിശദമായി വിലയിരുത്തൽ നടത്തുവാൻ തയ്യാറാകുമോ;

(ബി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിനായി തിരക്കേറിയ റോഡുകളുടെ സമീപത്തുനിന്നും പ്രസ്തുത സ്ഥാപനങ്ങളെ ഒഴിവാക്കി സൗകര്യപ്രദമായ ഇടങ്ങളിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

ലൈസന്‍സ് പുതുക്കി നല്‍കാതിരുന്ന ബാര്‍ ഹോട്ടലുകള്‍

1736 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഈ വര്‍ഷം ആകെ എത്ര ബാര്‍ ഹോട്ടലുകള്‍ക്ക് ലൈസന്‍സ് പുതുക്കി നല്‍കാതിരുന്നിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ലൈസന്‍സ് പുതുക്കി നല്‍കാനുള്ള ബാര്‍ ഹോട്ടലുകളില്‍ എത്ര തൊഴിലാളികള്‍ പണി എടുത്തിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തൊഴിലാളികളുടെ തൊഴില്‍ നഷ്ടം പരിഹരിക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കള്ള് ചെത്ത് വ്യവസായത്തിന്റെ പൊതുസ്ഥിതി</u>

1737 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കള്ളുചെത്ത് വ്യവസായത്തിന്റെ പൊതുസ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; ജസ്റ്റിസ് രാമചന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്നത് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലെന്നും, വീര്യം കുറഞ്ഞ കള്ള് പോലുള്ള പാനീയങ്ങൾ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടതെന്ന കമ്മിഷന്റെ അഭിപ്രായത്തോട് സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(സി) കള്ള് ചെത്ത് വ്യവസായത്തെ തകർച്ചയിൽ നിന്ന് രക്ഷിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ഡി) വ്യവസായത്തെ സംരക്ഷിക്കുന്നതിന് കള്ള് വ്യവസായ വികസന ബോർഡ് എന്ന ആവശ്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>കള്ളുഷാപ്പുകള്‍ തൊഴിലാളികളുടെ കമ്മിറ്റികള്‍ക്കു നല്‍കുന്നതിന് നടപടി</u>

1738 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ആകെയുള്ള കള്ളുഷാപ്പുകള്‍ എത്രയാണ് ;

(ബി) ഇതില്‍ ലൈസന്‍സുള്ളവ എത്രയാണ്;

(സി) ലൈസന്‍സില്‍ പോകാതെ തൊഴിലാളി കമ്മിറ്റികള്‍ നടത്തുന്ന കള്ളുഷാപ്പുകള്‍ എത്ര;

(ഡി) ഡിപ്പാര്‍ട്ട്മെന്റല്‍ മാനേജ്മെന്റ് കമ്മിറ്റി നടത്തുന്ന കള്ളുഷാപ്പുകള്‍ എത്ര;

(ഇ) ലൈസന്‍സില്‍ പോകാതെ വരുന്ന കള്ളുഷാപ്പുകള്‍ തൊഴിലാളി കമ്മിറ്റികള്‍ നടത്തുന്നതിന് കാലതാമസം വരുന്നതു പരിഹരിക്കുവാന്‍ എന്തു നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്;

(എഫ്) ലൈസന്‍സില്‍ പോകാതെ വരുന്ന കള്ളുഷാപ്പുകള്‍ ലേലസ്ഥലത്തുവച്ചുതന്നെ തൊഴിലാളി കമ്മിറ്റികള്‍ക്കു നല്‍കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ജി) എങ്കില്‍ പരിശോധിച്ചു നടപടി സ്വീകരിക്കുവാന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

**ബിവറേജസ് കോർപ്പറേഷന്റെയും കൺസ്യൂമർഫെഡിന്റെയും ഔട്ട്ലെറ്റുകൾ വഴി 2013-14 ൽ വിറ്റഴിച്ച മദ്യത്തിന്റെ അളവ്**

1739 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തികവർഷം ബിവറേജസ് കോർപ്പറേഷന്റെയും കൺസ്യൂമർ ഫെഡിന്റെയും ഔട്ട്ലെറ്റുകൾ വഴി എത്ര ലിറ്റർ മദ്യമാണ് വിറ്റഴിക്കപ്പെട്ടിട്ടുള്ളതെന്നും ഇതിന് എത്രകോടി രൂപ വിലവരുമെന്നും വ്യക്തമാക്കുമോ;

(ബി) ഇത്രയും മദ്യം വിറ്റഴിച്ചതിലൂടെ എത്ര കോടി രൂപ നികുതി ഇനത്തിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) 2013-14 സാമ്പത്തിക വർഷത്തിൽ എത്ര ബാറുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്നുവെന്നും ഈ ബാറുകൾ മുഖേന എത്ര ലിറ്റർ മദ്യമാണ് വിറ്റഴിക്കപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ; ഇതിലൂടെ എത്ര കോടി രൂപ നികുതി ഇനത്തിൽ സർക്കാറിനു ലഭിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>സർവ്വീസ് ഡെസ്ക് സമ്പ്രദായം</u>

1740 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഒരു ബാർ ലൈസൻസിൽ ഒന്നിലധികം ബാറുകൾ പ്രവർത്തിപ്പിക്കുവാൻ കഴിയുന്ന സർവ്വീസ് ഡെസ്ക് സമ്പ്രദായം എന്താണെന്നു വിശദീകരിക്കുമോ;

(ബി) സർവ്വീസ് ഡെസ്ക് സമ്പ്രദായത്തിൽ ബാറുകൾ പ്രവർത്തിക്കുന്നതിന് ലൈസൻസു നൽകുന്നതിൽ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം എത്ര ബാർ ലൈസൻസുകൾ നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെ ജില്ലയിൽ ഏതൊക്കെ സ്ഥാപനങ്ങൾക്ക് ഇത്തരം ബാർലൈസൻസ് നൽകിയെന്നു വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

4സ്റ്റാർ ഹോട്ടലുകൾക്ക് ബാർലൈസൻസ്

1741 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റാർ ക്ലാസിഫിക്കേഷൻ അനുസരിച്ച് 4 സ്റ്റാർ ഹോട്ടലുകൾക്ക് ബാർലൈസൻസ് നൽകണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സുപ്രീം കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എത്ര 4 സ്റ്റാർ ഹോട്ടലുകളിൽ നിന്നാണ് ബാർ ലൈസൻസിന് അപേക്ഷ കിട്ടിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) സുപ്രീം കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുതിയ അപേക്ഷകൾ പരിഗണിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ബാർ, ബിയർപാർലർ ലൈസൻസുകളുടെ ജില്ല തിരിച്ചുള്ള കണക്ക്</u>

1742 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി എത്ര ബിയർ പാർലറുകൾ അനുവദിച്ചു;

(ബി) ഇതേ കാലയളവിൽ അനുവദിച്ച ബാർ ലൈസൻസുകളുടെയും ബിയർ പാർലർ ലൈസൻസുകളുടെയും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇത്തരത്തിൽ അനുവദിച്ച ബാറുകളും ബിയർ പാർലറുകളും ഓരോന്നും ഏതു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന് കീഴിലെ റീട്ടെയിൽ ഔട്ട്ലെറ്റ്കൾ</u>

1743 ശ്രീ. ഇ. പി.ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന് ആകെ എത്ര റീട്ടെയിൽ ഔട്ട്ലെറ്റുകളാണുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ബിവറേജസ് കോർപ്പറേഷൻ റീട്ടെയിൽ ഔട്ട്ലെറ്റുകളിലെ പ്രതിദിന ശരാശരി വിൽപ്പന എത്ര തുകയാണ്;

(സി) ബിവറേജസ് കോർപ്പറേഷൻ റീട്ടെയിൽ ഔട്ട്ലെറ്റുകൾ നവീകരിക്കണമെന്നും ഡെൽഹി മാതൃക സ്വീകരിക്കണമെന്നും നിർദ്ദേശിച്ച ബഹു. ഹൈക്കോടതിയുടെ അഭിപ്രായത്തോടുള്ള സമീപനം എന്താണെന്നു വിശദീകരിക്കുമോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>നാദാപുരം നിയോജകമണ്ഡലത്തിൽ എക്സൈസ് ഓഫീസ്</u>

1744 ശ്രീ. ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ എക്സൈസ് ഓഫീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

ബദിയടുക്കയിൽ എക്സൈസ് റേഞ്ച് ഓഫീസ്

1745

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിലെ ബദിയടുക്കയിൽ എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥലം കണ്ടെത്തിയിട്ടുണ്ട്;

(ബി) ഇതിന്റെ നിർമ്മാണത്തിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ എന്നത്തേയ്ക്ക് പണി ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കാൻ നടപടി</u>

1746 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ പുതുതായി താലൂക്ക് അനുവദിച്ച് പ്രവർത്തനം ആരംഭിച്ച സാഹചര്യത്തിൽ ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി മണ്ഡലത്തിലെ കിഴക്കൻ മലയോരമേഖലകളുൾപ്പെടുന്ന അതിരപ്പിള്ളി പഞ്ചായത്തിൽ ഒരു എക്സൈസ് ഓഫീസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം**

1747 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് വിശദമാക്കുമോ;

(ബി) റെയിൽ, റോഡ്, കുടിവെള്ള പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ:

(സി) തുറമുഖം എന്ന് കമ്മീഷൻ ചെയ്യാനാകുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>തുറമുഖങ്ങളിൽ നിന്നും മണൽ എടുക്കുന്നതിനുള്ള നിബന്ധനകൾ</u>

1748 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തുറമുഖങ്ങളിലെ ചാനലുകൾ ആഴം കൂട്ടുന്നതിനുവേണ്ടി മണൽ എടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തുറമുഖങ്ങളിൽ നിന്നാണ് മണൽ എടുക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇങ്ങനെ മണൽ എടുക്കുന്നതിന് എന്തെങ്കിലും നിബന്ധനകൾ വെച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എങ്കിൽ സർക്കാർ നിബന്ധനകൾ പാലിക്കാതെ ഏതെങ്കിലും തുറമുഖങ്ങളിൽ മണൽ എടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ</u>

1749 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാം; വിശദമാക്കാമോ;

(ബി) തീരദേശറോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഈ സർക്കാരിന്റെ കാലയളവിൽ കൊയിലാണ്ടി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡുകളിൽ ഏതെല്ലാം പൂർത്തിയായി; പൂർത്തിയാവാത്തത് ഏതെല്ലാം; വിശദമാക്കാമോ;

(സി) തീരദേശറോഡ് പുനഃരുദ്ധാരണ പദ്ധതിയിൽ ഓരോ ഘട്ടത്തിലുമായി ഏതെല്ലാം റോഡുകളുടെ വിശദമായ എസ്റ്റിമേറ്റാണ് ഹാർബർ സി.ഇ. മത്സ്യബന്ധന–തുറമുഖ വകുപ്പിലേയ്ക്ക് അയച്ചിട്ടുള്ളത് എന്നത് റോഡിന്റെ പേര്, എസ്റ്റിമേറ്റ് തുക, ഫയൽ നമ്പർ, അയച്ച തീയതി മുതലായ വിവരങ്ങൾ സഹിതം വിശദമാക്കാമോ;

(ഡി) പ്രസ്തുത റോഡുകളിൽ നിന്ന് ഏതെല്ലാം റോഡുകൾക്കാണ് ഭരണാനുമതി ലഭിച്ചത്; വിശദമാക്കാമോ;

(ഇ) ചേമഞ്ചേരി പഞ്ചായത്തിലെ സൈരി–ചാത്തനാടത്ത് റോഡിന് ഭരണാനുമതി ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭരണാനുമതി നൽകാൻ നടപടികൾ സ്വീകരിക്കുമോ;

(എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം തീരദേശ റോഡ് പുനഃരുദ്ധാരണ പദ്ധതിയിൽ പരിഗണിക്കേണ്ടുന്ന റോഡുകളുടെ എത്ര ലിസ്റ്റ് അംഗീകരിച്ച് പുറത്തിറക്കിയിട്ടുണ്ട്; കോഴിക്കോട് ജില്ലയിലെ ഓരോ ലിസ്റ്റിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

**കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഫിഷിംഗ് ഹാർബറിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ**

1750 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും ഹാർബറിലേക്കും, ലേലഹാളിലേക്കും റോഡ് അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിച്ചിട്ടില്ല; ഇവ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>അഴീക്കോട് ഹാർബറിന്റെ നിർമ്മാണം</u>

1751 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജക മണ്ഡലത്തിലെ അഴിക്കോട് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം പാതിവഴിയിൽ നിലച്ചുപോയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി സ്റ്റേ ചെയ്യുന്നത് ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നത് ആലോചിക്കുന്നതിനായി ബഹു: വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) യോഗങ്ങളുടെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) പ്രവൃത്തി പുനരാരംഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>പുതിയാപ്പ ഹാർബറിന്റെ വികസനം</u>

1752 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹാർബറിന്റെ വികസനത്തിന് ഈ സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) ഹാർബറിന്റെ വികസനത്തിനായി പ്രസ്തുത കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച പദ്ധതികൾ ഏതൊക്കെ; ഇവയിൽ അംഗീകാരം ലഭിച്ചവയുടെ വിശദ വിവരങ്ങൾ നൽകുമോ;

(സി) ഹാർബറിന്റെ വികസനത്തിനായി പുതുതായി തുടങ്ങാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

കയ്പമംഗലം, കൂരിക്കുഴിയിൽ പുതിയ ഫിഷിംഗ് ഹാർബർ

1753 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജക മണ്ഡലത്തിലെ കൂരിക്കുഴിയിൽ കഴിഞ്ഞ ഒമ്പത് വർഷമായി ചാകരയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെയൊരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണം

1754 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയ്ക്കായി കേന്ദ്ര - സംസ്ഥാന സർക്കാറുകളുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളത് എത്ര രൂപയ്ക്കാണ് എന്നത് വിശദമാക്കാമോ;

(സി) കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ള കോംപ്റിഹെൻസീവ് എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ തീയതിയും പകർപ്പും ലഭ്യമാക്കാമോ;

(ഡി) പദ്ധതിയ്ക്ക് ഈ വർഷത്തെ ബജറ്റ് വിഹിതം എത്രയെന്ന് വിശദമാക്കാമോ; അനുവദിച്ചിട്ടുള്ള വിഹിതം പദ്ധതിയുടെ പൂർത്തീകരണത്തിന് പര്യാപ്തമാണ് എന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ പദ്ധതി പൂർത്തീകരണത്തിന് വേണ്ടതായ തുക അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) ഹാർബർ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(എഫ്) ഹാർബർ നിർമ്മാണത്തിന് നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ മോണിറ്ററിംഗ് ഏർപ്പെടുത്തുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>പുതിയങ്ങാടി ഫിഷിംഗ് ഹാർബർ</u>

1755 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി ഫിഷിംഗ് ഹാർബറിന്റെ പഠനങ്ങൾക്കായി എത്ര രൂപ ഇതുവരെ ചെലവഴിച്ചു; വിശദാംശം നൽകുമോ;

(ബി) ഹർബറിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

കൊല്ലം തങ്കശ്ശേരി മത്സ്യബന്ധനതുറമുഖത്തിന്റെ നവീകരണം

1756 ശ്രീ. പി.കെ.ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം തങ്കശ്ശേരി മത്സ്യബന്ധനതുറമുഖത്തിന്റെ നവീകരണത്തിനുവേണ്ടി കേന്ദ്ര സർക്കാർ മുമ്പാകെ നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിനു കേന്ദ്രത്തിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ടോ;

(സി) നിവേദനത്തിന്റേയും മറുപടിയുടേയും സാരാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>അരൂർ മണ്ഡലത്തിൽ ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റ് വഴി അനുവദിച്ച റോഡ്</u>

1757 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീ. കെ. സി. വേണുഗോപാൽ. എം. പി. യുടെ ആവശ്യപ്രകാരം ഏതെല്ലാം റോഡുകളാണ് ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റ് വഴി അരൂർ മണ്ഡലത്തിൽ അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) അരൂർ എം. എൽ. എ യുടെ ആവശ്യപ്രകാരം ഏതെല്ലാം റോഡുകളാണ് ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റ് വഴി അനുവദിച്ചതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>തീരക്കടലിലെ മത്സ്യസമ്പത്തിന്റെ സംരക്ഷണം</u>

1758 ശ്രീ. റോഷി അഗസ്റ്റിൻ
'' പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തീരക്കടലിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് നിലവിൽ എന്തെല്ലാം കരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് യന്ത്രവത്കൃത മത്സ്യബന്ധന ബോട്ടുകൾക്ക് ഏർപ്പെടുത്തുന്ന നിരോധന കാലയളവ് ദീർഘിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും ശുപാർശകൾ ലഭ്യമായിട്ടുണ്ടോ;

(സി) ട്രോളിംഗ് നിരോധനത്തിന്റെ പ്രത്യാഘാതത്തെക്കുറിച്ച് പഠിക്കാനായി നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നു. വിശദാംശങ്ങൾ നല്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>മത്സ്യഗ്രാമ വികസന പദ്ധതി</u>

1759 ശ്രീ. ബെന്നി ബെഹനാൻ
,, വർക്കല കഹാർ
,, സി. പി.മുഹമ്മദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യഗ്രാമ വികസന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ യെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>മത്സ്യഗ്രാമം പദ്ധതി</u>

1760 ശ്രീ. എ. പ്രദീപ് കുമാര്‍

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

മത്സ്യഗ്രാമം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയില്‍ നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവര്‍ത്തനങ്ങള്‍ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>കയ്പമംഗലം പഞ്ചായത്തിൽ മത്സ്യഗ്രാമ പദ്ധതി</u>

1761 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യഗ്രാമം പദ്ധതി പ്രകാരം കയ്പമംഗലം ഗ്രാമപഞ്ചായത്തിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(സി) പുതിയ പദ്ധതി നിർദ്ദേശങ്ങൾ സ്വീകരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>മാറാട് മത്സ്യഗ്രാമം പദ്ധതി</u>

1762 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാറാട് മത്സ്യഗ്രാമം പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതിയിൽ ശുപാർശ ചെയ്ത പ്രവൃത്തികൾ നടപ്പാക്കാൻ കാലതാമസം വരുന്നത് എന്ത് കൊണ്ടാണ്;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാവുമെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

ഓാഷ്യനേറിയം പദ്ധതി

1763 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിൽ വിഭാവനം ചെയ്തിരുന്ന ഓാഷ്യനേറിയം പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടെങ്കിൽ വിശദീകരിക്കാമോ;

(സി) പദ്ധതിയ്ക്കായി ആഗോള ടെൻഡർ ക്ഷണിച്ചിട്ടുണ്ടെങ്കിൽ വിശദീകരിക്കാമോ; എങ്കിൽ ഇതിന് ശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>മത്സ്യമേഖലയുടെ വികസനത്തിന് കേന്ദ്ര ഫിഷറീസ് മന്ത്രാലയം</u>

1764 ശ്രീ. പി.കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മത്സ്യമേഖലയുടെ വികസനത്തിന് കേന്ദ്രഫിഷറീസ് മന്ത്രാലയം സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യം കേന്ദ്രസര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കില്‍ ഇക്കാര്യത്തില്‍ ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>സംസ്ഥാനത്തെ ജലാശയങ്ങളിൽ നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള മത്സ്യോൽപാദനം</u>

1765 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴകൾ ഉൾപ്പെടെയുള്ള ജലാശയങ്ങളിൽ കൂട് കൃഷി (കേജ് കൾച്ചർ), വളപ്പ് കൃഷി (പെൻ കൾച്ചർ) മുതലായ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് മത്സ്യോൽപാദനം വർദ്ധിപ്പിക്കുന്നതിനായി ലീസിന് നൽകുന്നതിനുള്ള നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ നയപരമായ തീരുമാനമെടുത്ത് നിയമ നിർമ്മാണം നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>തണൽ പദ്ധതി</u>

T1766 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ആശ്വാസപദ്ധതിയായ തണൽ പദ്ധതിയുടെ ആനുകൂല്യങ്ങൾ ജില്ലാടിസ്ഥാനത്തിൽ എത്ര തൊഴിലാളികൾക്കാണ് നാളിതുവരെ നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിക്കായി സർക്കാർ വകയിരുത്തിയിട്ടുള്ള തുക എത്രയാണ്;

(സി) എത്ര മത്സ്യഗ്രാമങ്ങളായിട്ടാണ് കേരളത്തിലെ തീരപ്രദേശങ്ങളെ വിഭജിച്ചിട്ടുള്ളത്;

(ഡി) എത്ര മത്സ്യത്തൊഴിലാളികൾ ഇവിടങ്ങളിൽ ജോലി ചെയ്തുവരുന്നു;

(ഇ) മത്സ്യത്തൊഴിലാളികളുടെ ബയോമെട്രിക് കാർഡ് വിതരണം പൂർത്തിയായിട്ടുണ്ടോ; പ്രസ്തുത കാർഡുകൾ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തപ്പെട്ട ഏജൻസി ഏതാണ്;

(എഫ്) തണൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികളെന്തൊക്കെയാണ്?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>ട്രോളിംഗ് സംബന്ധിച്ചുള്ള വിദഗ്ദ്ധ സമിതി റിപ്പോർട്ട്</u>

1767 ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
,, ജി. എസ്. ജയലാൽ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനം അറുപത് ദിവസമാക്കണമെന്ന വിദഗ്ദ്ധ സമിതിയുടെ ശുപാർശ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അറുപത് ദിവസമാക്കണമെന്നുള്ള ശുപാർശയിന്മേൽ സർക്കാരിന്റെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>മത്സ്യതൊഴിലാളികൾക്കുള്ള വർഷകാല ദുരിതാശ്വാസ നടപടികൾ</u>

1768 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനവും കാലവർഷവും മൂലം കടലിൽ പോകാൻ കഴിയാതെവരുന്ന മത്സ്യത്തൊഴിലാളികൾക്ക് ദുരിതാശ്വാസം നൽകാൻ എന്തെല്ലാം മുൻകൂർ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ബി) കാലവർഷം ശക്തിപ്പെടാൻ പോകുന്ന സഹചര്യത്തിൽ തീരദേശങ്ങളിൽ താമസിക്കുന്നവർക്ക് സുരക്ഷ ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും നടത്തുവാൻ ഉദ്ദേശിക്കുന്ന ആശ്വാസപ്രവർത്തനങ്ങളും എന്തെല്ലാമെന്ന് അറിയിക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് സർവ്വേ</u>

1769 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, വി. റ്റി. ബൽറാം
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സർവ്വേ നടത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം അറിയുന്നതിനും വികസന പദ്ധതികൾ ഫലപ്രദമാക്കുന്നതിനുമായി എന്തെല്ലാം കാര്യങ്ങളാണ് സർവ്വേയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>മത്സ്യത്തൊഴിലാളി ക്ഷേമവും കടാശ്വാസവും</u>

1770 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമവും കടാശ്വാസവും മിഷൻ 676 –ൽ ഉൾപ്പെടുത്തി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമ നിർമ്മാണങ്ങൾ</u>

1771 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടത്തിയ നിയമനിർമ്മാണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ നിയമങ്ങൾ പ്രയോഗവൽക്കരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(സി) 2008-ലെ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമമനുസരിച്ച് എത്ര അപേക്ഷകൾ ലഭ്യമായെന്നും എത്രയെണ്ണത്തിൽ കടം എഴുതിതള്ളിയെന്നും വ്യക്തമാക്കുമോ;

(ഡി) കടാശ്വാസകമ്മീഷൻ നിയമമനുസരിച്ച് താനൂർ നിയോജകമണ്ഡലത്തിലെ എത്ര മത്സ്യത്തൊഴിലാളികൾക്ക് ഈ ആനുകൂല്യം ലഭിച്ചുവെന്നും ഇവർക്ക് എത്ര തുക അനുവദിച്ചുവെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ – സമാശ്വാസ പദ്ധതി

1772 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ – സമാശ്വാസ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംവിധാനം വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ വർഷവും നൽകിയ തുക എത്ര; എത്ര തൊഴിലാളികൾക്ക് പ്രസ്തുത തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ സബ്സിഡി

1773 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിനുള്ള യാനങ്ങൾക്ക് മണ്ണെണ്ണ സബ്സിഡി നൽകുമെന്നുള്ള ബഡ്ജറ്റ് പ്രഖ്യാപനം എന്നുമുതൽ നടപ്പിലാക്കുമെന്നറിയിക്കുമോ;

(ബി) പ്രതിമാസം ഓരോ എഞ്ചിനും എത്ര അളവു മണ്ണെണ്ണയ്ക്കുള്ള സബ്സിഡി നൽകുമെന്നറിയിക്കുമോ;

(സി) ഇതിനായി എത്ര കോടി രൂപ ഈ വർഷം അനുവദിക്കുമെന്ന് വിശദമാക്കുമോ ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>മറൈൻ ആംബുലൻസ് സംവിധാനം</u>

1774 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മത്സ്യബന്ധനത്തിന് ഏർപ്പെട്ടവരെ അപകടത്തിൽ നിന്ന് രക്ഷിക്കുന്നതിനുള്ള അത്യാധുനിക മറൈൻ ആംബുലൻസ് സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>സമുദ്രാതിർത്തി തിരിച്ചറിയുന്നതിനുള്ള സംവിധാനം മത്സ്യബന്ധന ബോട്ടുകളിൽ സ്ഥാപിക്കുന്നതിന് നടപടി</u>

1775 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന സമയത്ത് ബോട്ടുകൾ രാജ്യാതിർത്തി ലംഘിക്കപ്പെടുന്നത് സംബന്ധിച്ച് കൃത്യമായ സൂചന നൽകുന്ന യന്ത്ര സംവിധാനങ്ങൾ ബോട്ടിലുണ്ടായിരിക്കണമെന്ന് നിർബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) രാജ്യാതിർത്തി ലംഘിക്കപ്പെടുന്ന വിദേശ മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിന് നിലവിൽ സംവിധാനമുണ്ടോ;

(സി) പ്രസ്തുത സംവിധാനം ഇന്ത്യൻ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടും വിധം ക്രമീകരിക്കാൻ പരിശ്രമിച്ചിട്ടുണ്ടോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ</u>

1776 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**

സദയം മറുപടി നൽകുമോ:

(എ) തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ ഭക്ഷ്യ വസ്തുക്കൾ ഇപ്പോൾ സബ്സിഡി വിലക്ക് നൽകുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഭക്ഷ്യ വസ്തുക്കളാണ് സബ്സിഡി വിലക്ക് നൽകുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര രൂപയാണ് സബ്സിഡിയായി തീരമൈത്രി സൂപ്പർ മാർക്കറ്റുകൾക്ക് അനുവദിച്ചതെന്ന് വിശദമാകുമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>തീരമൈത്രി സൂപ്പർ മാർക്കറ്റുകളുടെ പ്രവർത്തനം</u>

1777 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരമൈത്രി സൂപ്പർമാർക്കറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ ; തൃശൂർ ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിൽ തീരമൈത്രി സൂപ്പർമാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നറിയിക്കുമോ ;

(ബി) നാട്ടിക നിയോജകമണ്ഡലത്തിലെ നാട്ടിക, തളിക്കുളം പഞ്ചായത്തുകളിലെ തീരദേശങ്ങളിൽ തീരമൈത്രി സൂപ്പർമാർക്കറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് അറിയിക്കുമോ ;

(സി) ഇല്ലെങ്കിൽ തീരമൈത്രി സൂപ്പർമാർക്കറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

ചാലക്കുടിപ്പുഴയിൽ മത്സ്യങ്ങൾ ചത്തുപൊങ്ങുന്ന പ്രതിഭാസം

1778 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിപ്പുഴയിൽ, വിവിധ സ്ഥലങ്ങളിൽ, പല സമയങ്ങളിലായി മത്സ്യങ്ങൾ ചത്തു പൊങ്ങുന്ന പ്രതിഭാസം ഫിഷറീസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;;

(ബി) ഇതിന്റെ കാരണം കണ്ടെത്താനും പരിഹാരങ്ങൾ നടപ്പിലാക്കുവാനും നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള ഫിഷ്ഫാമുകളിൽ നിന്നുമുള്ള വരുമാനം</u>

1779 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള ഫിഷ്ഫാമുകളിൽ നിന്നും 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിൽ ഉർപ്പാദിപ്പിച്ച മത്സ്യയിനങ്ങൾ ഏതൊക്കെയെന്നും, എത്രകിലോഗ്രാം മത്സ്യം വില്ക്കാനായെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ; ഈ ഇനത്തിൽ ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ, എളങ്കുന്നപ്പുഴ ഫാമുകളിൽ 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിൽ ഉൽപ്പാദിപ്പിച്ച മത്സ്യയിനങ്ങൾ ഏതൊക്കെയെന്നും എത്ര കിലോഗ്രാം എന്നും വിശദീകരിക്കാമോ;

(സി) മത്സ്യഉൽപ്പാദനം കുറഞ്ഞിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

ഫിഷിറീസ് റോഡുകളുടെ നിർമ്മാണത്തിന്
പണമനുവദിക്കുന്നത് സംബന്ധിച്ച്

1780 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജക മണ്ഡലത്തിൽ ഫിഷറിസ് വകുപ്പിൽ നിന്നും പണമനുവദിച്ച് നിർമ്മിച്ച റോഡുകളുടെ പേരുവിവരം വ്യക്തമാക്കാമോ :

(ബി) ഇതു സംബന്ധിച്ച് പുതിയ നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ ;

(സി) ഇവയ്ക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>രാമന്തളി–പാണ്ട്യാലക്കടവ് പാലം നിർമ്മാണം</u>

1781 ശ്രീ. കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാസർഗോഡ് ജില്ലകളെയും, രാമന്തളി–വലിയപറമ്പ് പഞ്ചായത്തുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന രാമന്തളി– പാണ്ട്യാലക്കടവ് പാലം നിർമ്മാണത്തിന് നബാർഡ് അനുമതി ലഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഹാർബർ എൻജിനീയറിങ് വകുപ്പിന്റെ അധീനതയിലുള്ള ഈ പാലം നിർമ്മാണം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>കായംകുളം മണ്ഡലത്തിൽ പത്തിയൂർ ഗ്രാമപഞ്ചായത്തിലെ ഫിഷ് മാർക്കറ്റ് പുതുക്കി നിർമ്മിക്കാൻ നടപടി</u>

1782 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ പത്തിയൂർ ഗ്രാമപഞ്ചായത്തിലെ ഫിഷ് മാർക്കറ്റ് കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലായിട്ടുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഫിഷ് മാർക്കറ്റ് പുതുക്കി നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ വളഞ്ഞവഴി ഫിഷ് ലാന്റിംഗ് സെന്റർ</u>

1783 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ-വളഞ്ഞവഴി കടപ്പുറത്ത് ഫിഷ്ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സുനാമി ഫണ്ടിൽ ഉൾപ്പെടുത്തി ഫിഷ്ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മത്സ്യമാർക്കറ്റായ വളഞ്ഞവഴി കടപ്പുറം കേന്ദ്രീകരിച്ച് ഫിഷ്ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>കായംകുളം മണ്ഡലത്തിലെ ദേവികുളങ്ങര ഫിഷ്ലാന്റിംഗ് സെന്റർ നിർമ്മാണം</u>

1784 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ അനുവദിച്ച ഫിഷ്ലാന്റിംഗ് സെന്റർ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണപ്രവർത്തനങ്ങൾ ഉടൻ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>വാടാനപ്പള്ളി, പള്ളിക്കടവ് ഫിഷ്ലാന്റിംഗ് സെന്ററുകൾ</u>

1785 ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിലെ വാടാനപ്പള്ളി ബീച്ചിൽ ഒരു ഫിഷ്ലാന്റിംഗ് സെന്ററും, വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലെ പള്ളിക്കടവിൽ ഒരു ഉൾനാടൻ ഫിഷ്ലാന്റിംഗ് സെന്ററും സ്ഥാപിക്കുന്ന പദ്ധതിയുടെ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) വാടാനപ്പള്ളി തീരദേശ മേഖലയിൽ പുലിക്കെട്ടുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>വാടാനപ്പള്ളി ഫിഷറീസ് കോളനിയിലെ വീടുകളുടെ പുനർനിർമ്മാണം</u>

1786 ശ്രീ. പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണലൂർ ഗ്രാമപഞ്ചായത്തിലെ വാടാനപ്പള്ളി ഫിഷറീസ് കോളനിയിൽ മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന 43 വർഷം പഴക്കമുള്ള ഇരട്ട വീടുകൾ, ഒറ്റവീടുകളായി പുനർനിർമ്മിക്കുന്നതിന് എം.എൽ.എ നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) പ്രസ്തുത വീടുകൾ തീരദേശ വികസന ഏജൻസി മുഖേന പുനർനിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>തീരദേശ വികസന കോർപ്പറേഷൻ</u>

1787 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഓഫീസ് സംവിധാനവും ഘടനയും വ്യക്തമാക്കുമോ;

(സി) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പ്രസ്തുത സ്ഥാപനം മുഖേന ഏതെങ്കിലും പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയാ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ</u>

1788 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയാ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കോർപ്പറേഷന്റെ കീഴിൽ 'മത്സ്യ ആഹാരശാലകൾ' ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വിവിധ തരത്തിലുള്ള സ്നാക്ക്സ് രൂപത്തിൽ മത്സ്യ വിഭവങ്ങൾ തയ്യാറാക്കി വിപണനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>എറണാകുളം ജില്ലയിൽ തീരദേശറോഡുകളുടെ നിർമ്മാണം</u>

1789 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷങ്ങളിൽ തീരദേശറോഡുകളുടെ നിർമ്മാണം/ നവീകരണത്തിനായി ഫിഷറീസ് വകുപ്പിൽ നിന്നും എറണാകുളം ജില്ലയിൽ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിലെ മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) വൈപ്പിൻ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണം പൂർത്തിയാക്കാത്തതായി ഏതെല്ലാം പ്രവൃത്തികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>കായംകുളം മണ്ഡലത്തിലെ തീരദേശറോഡുകളുടെ പുനരുദ്ധാരണ പ്രവര്‍ത്തനങ്ങള്‍</u>

1790 ശ്രീ. സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കായംകുളം മണ്ഡലത്തിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണ പ്രവര്‍ത്തനങ്ങള്‍ക്കുള്ള ഭരണാനുമതി ലഭിച്ചിട്ടും നിര്‍മ്മാണപ്രവര്‍ത്തനങ്ങള്‍ ആരംഭിക്കാന്‍ കഴിയാത്തത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ ഇതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(സി) 2010,2011,2012,2013 സാമ്പത്തിക വര്‍ഷങ്ങളില്‍ കായംകുളം മണ്ഡലത്തില്‍ നടപ്പിലാക്കുവാന്‍ അനുമതി നല്‍കിയിട്ടുള്ള പ്രവൃത്തികള്‍ ഏതൊക്കെയാണെന്നും ഓരോ പ്രവൃത്തികളുടെയും നിലവിലുള്ള അവസ്ഥയും വിശദമാക്കാമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>തീരദേശ മലിനീകരണം കാരണം മത്സ്യസമ്പത്ത് കുറയുന്നത് സംബന്ധിച്ച്</u>

1791 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശമലിനീകരണം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) തീരദേശ മലിനീകരണം മൂലം മത്സ്യസമ്പത്ത് കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) മത്സ്യങ്ങളുടെ പ്രജനനത്തിനും സംരക്ഷണത്തിനും സാങ്ച്വറികൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

<u>ആറന്മുള വിമാനത്താവള പദ്ധതി</u>

1792 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവള പദ്ധതിക്ക് പാരിസ്ഥിതികാനുമതി റദ്ദായ സാഹചര്യത്തിൽ പദ്ധതിക്കുവേണ്ടി നൽകിയ പത്തു ശതമാനം ഓഹരി പിൻവലിക്കുമോ;

(ബി) ഈ പദ്ധതിയിൽ നിന്നും പിൻമാറുന്ന കാര്യം പരിഗണിക്കുമോ?